# EXEMPTION FROM BUILDING TAX

## കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ്—വസ്തു നികുതി—യുദ്ധത്തിൽ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കളുടെയും യുദ്ധത്തിൽ മരിച്ചുപോയവരുടെയും വിധവകളുടെയും യുദ്ധത്തിനിടയിൽ അംഗവൈകല്യം സംഭവിച്ചവരുടെയും താമസത്തിനായുള്ള കെട്ടിടങ്ങളെ വസ്തു നികുതി (പ്രോപ്പർട്ടി ടാക്സ്) നൽകുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

തദ്ദേശ സ്വയംഭരണ (എൽ) വകുപ്പ്

സ. ഉ. (എം. എസ്.) 212/2001/തസ്വഭവ. തിരുവനന്തപുരം, 2001 ആഗസ്റ്റ് 22.

---

*പരാമർശം* :— 1. 5-5-2000 ലെ മിലിട്ടറി ലയ്സൻ കോൺഫറൻസിന്റെ നടപടിക്കുറിപ്പുകൾ.

2. 1-1-2001 ലെ സ. ഉ. (എം. എസ്.) 1/2001/തസ്വഭവ.

3. 13-7-2001 ലെ സ. ഉ. (എം. എസ്.) 176/2001/തസ്വഭവ.

## ഉത്തരവ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 207-ാം വകുപ്പ് (2) -ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, യുദ്ധത്തിൽ പങ്കെടുത്ത് വീരചരമം പ്രാപിച്ച സൈനികരുടെ വിധവകൾ, യുദ്ധത്തിൽ വീരമരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കൾ, സൈനികസേവനത്തിനിടയിൽ അംഗവൈകല്യം സംഭവിച്ചവർ എന്നിവരുടെ യഥാർത്ഥ താമസത്തിനുമാത്രം ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) നൽകേണ്ടതിൽനിന്നും 2001-2002 ലെ ഒന്നാം അർദ്ധവർഷം മുതൽ 10 വർഷത്തേക്ക് ഇതിനാൽ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. കമാൽകുട്ടി,

ഗവൺമെന്റ് സെക്രട്ടറി.